
ത്തെ പ്രധാനമായും പ്രോത്സാഹിപ്പിച്ചത്. ഏക്കറുകണക്കിന് കുടിയേറ്റഭൂമി ചെറിയ കാശിന് മറിച്ചുവിറ്റ് കാശുണ്ടാക്കാൻ നടന്ന ഇടനിലക്കാർ അന്ന് വ്യാപകമായിരുന്നു.

ചരിത്രപരമായ മറ്റൊരു കാരണവും കുടിയേറ്റം വ്യാപകമാകുന്നതിന് പിന്നിലുണ്ട്. അന്ന് ഇ.എം.എസ് സർക്കാർ കുടികിടപ്പവകാശമായി അഞ്ച് സെന്റും പത്ത് സെന്റും ഭൂമി കുടിയാന്മാർക്ക് കൊടുത്ത സമയമാണ്. കുടികിടപ്പവകാശമായി കിട്ടിയ ഭൂമി നല്ലതല്ലാത്തതിനാൽ അത് മറിച്ചുവിറ്റിട്ട് കിഴക്കൻ മലയോരത്തേക്ക് കുടിയേറിയവരുമുണ്ട്. ക്രിസ്ത്യൻ കുടിയേറ്റം വ്യാപകമാകുന്നതിൽ സഭയ്ക്കും അതിയായ താത്പര്യമുണ്ടായിരുന്നു. ക്രിസ്ത്യാനികളുടെ ഭൂസമ്പത്ത് കൂടുന്നതോടെ സഭയുടെയും സമ്പത്ത് കൂടും എന്ന് സഭാധികാരികൾ കണക്കുകൂട്ടി. 10 പേർ ഒരിടത്തേക്ക് കുടിയേറിയാൽ പതിനൊന്നാമതായി എത്തുന്നത് ഒരു പള്ളിയായിരുന്നു. ആ പത്ത് പേരെയും തുടർന്ന് സംരക്ഷിക്കുന്നത് പള്ളിയായിരിക്കും.



**ഭൂമിയിന്മേൽ നന്നായി പണിയെടുക്കുമ്പോഴും ഭൂമിയുമായും അതിലെ സർവ്വജീവനുകളുമായും ഒരാത്മബന്ധം രൂപപ്പെടുത്താൻ ഈ കർഷക സമൂഹത്തിന് കഴിയാതെ പോയിട്ടില്ലെ? അതുകൊണ്ടല്ലേ തീർത്തും ദയാരഹിതമായി കാടെല്ലാം ഇങ്ങനെ വെട്ടിത്തെളിക്കപ്പെട്ടത്? കേവലം അധ്വാനത്തിന്റെ മഹത്വമായി മാത്രം വിലയിരുത്താൻ കഴിയുന്ന കാര്യമാണോ അത്?**

അത്തരത്തിലുള്ള ചിന്തയൊന്നും കുടിയേറിയവർക്കുണ്ടായിരുന്നില്ല. അന്നന്നത്തെ അപ്പം കണ്ടെത്തുക എന്നതായിരുന്നു അവർക്ക് മുഖ്യം. അവരെ മാത്രമായി കുറ്റംപറയാൻ പറ്റില്ല. അന്നത്തെ ജീവിതസാഹചര്യം അത്തരത്തിലുള്ളതായിരുന്നു. മീനച്ചിൽ താലൂക്കിൽ നിന്നും കുടിയേറിയവരെല്ലാം മീനച്ചിലിലേക്ക് മടങ്ങിയെത്തുകയാണെങ്കിൽ ഇന്നിവിടെ കാലുകുത്താൻ ഇടമുണ്ടാകില്ല. ഭൂമിയെ ആശ്രയിച്ചാണ് അക്കാലത്ത് ജീവിതമാർഗ്ഗം കണ്ടെത്തിയിരുന്നത്. എല്ലാവർക്കും അവശ്യമായ ഭൂമി നാട്ടിൽ തന്നെ കണ്ടെത്താൻ കഴിയാത്തതുകൊണ്ടാണ് കിഴക്കൻ മലകളിലേക്ക് പലരും കുടിയേറിയത്. അങ്ങനെ ജീവിതമാർഗ്ഗം കണ്ടെത്തുന്നതിനായി കുടിയേറുന്നവർ, അവിടെ കാട് നിന്നിട്ട് എന്താണ് കാര്യം എന്ന് ചിന്തിക്കുന്നത് സ്വാഭാവികമാണ്. തോട്ടങ്ങളുണ്ടാക്കിയ വൻകിടക്കാരാണ് അതിലേറെ കാടുവെട്ടിത്തെളിച്ചത്. ഭൂപരിഷ്കരണ നിയമം അവരെ ഒഴിവാക്കുകയും ചെയ്തു. മൈസൂരിൽ പഠിക്കാൻ പോകുന്നതിനായി 1949ൽ ആണ് ഞാൻ ആദ്യമായി വയനാട് ചുരം കയറുന്നത്. താമരശ്ശേരി എത്തുമ്പോൾ തന്നെ അന്ന് തണുപ്പ് തുടങ്ങും. ആദ്യയാത്രയായതിനാൽ ഒരു കമ്പിളിപ്പുതപ്പ് പോലും കരുതാതെയാണ് പോയത്. ശരിക്കും തണുത്ത് വിറച്ചുപോയി. ഇന്ന് വയനാട്ടിൽ പോലും കൊടും ചൂടാണ്. അപ്പോൾ കാര്യമായ തകരാറ് പ്രകൃതിക്ക് സംഭവിച്ചിട്ടുണ്ടെന്ന് തന്നെയാണ് മനസ്സിലാക്കാൻ കഴിയുന്നത്. എന്നാൽ കുടിയേറ്റത്തിന്റെ കാലത്ത് അതൊന്നും ജനം ചിന്തിച്ചിരുന്നില്ല.

**കുടിയേറ്റത്തിൽ സഭയുടെ പങ്കെന്തായിരുന്നു? കർഷകരെ സഹായിക്കുക എന്നതായിരുന്നോ അവരുടെ ലക്ഷ്യം?**

വിശ്വാസികളുടെ കൈയിൽ കാശുണ്ടാകണമെന്നേ സഭയ്ക്ക് ആഗ്രഹമുള്ളൂ. എന്നാലേ സഭയുടെ കൈയിലും കാശുണ്ടാകൂ. കാശുണ്ടായാലേ മെത്രാന്മാരുടെ കാര്യങ്ങൾ നന്നായി നടക്കൂ. കാട് സംരക്ഷിച്ചതുകൊണ്ടോ മരങ്ങൾ നിലനിർത്തിയതുകൊണ്ടോ ഒന്നും വിശ്വാസികളുടെ കൈയിൽ കാശുണ്ടാകില്ലല്ലോ. അതിന് നല്ല അധ്വാനം വേണ്ടിവരും. ആ അധ്വാനത്തെ സഭ ഉപയോഗിക്കുകയാണ്. സഭാ പുരോഹിതരെല്ലാം വിയർക്കാതെ അപ്പം തിന്നുകയാണ്. പണ്ട് കയ്യേറിയിരുന്നെങ്കിൽ ഇന്നത് നടക്കാത്തതുകൊണ്ട് കാശുകൊടുത്ത് സ്ഥലം വാങ്ങുകയാണ്. ഈരാറ്റുപേട്ടയ്ക്കടുത്ത് വെള്ളിച്ചൻ മല എന്ന പേരുള്ള ഒരു മലതന്നെ അടുത്തിടെ സഭ വാങ്ങിച്ചു. അതിന് മുകളിൽ ഒരു കുരിശും സ്ഥാപിച്ചു. ഇപ്പോൾ സ്ഥിരമായി അവിടേക്ക് തീർത്ഥാടനം നടക്കുന്നുണ്ട്. ഇതുപോലെ എത്ര മലകളാണ് സഭ സ്വന്തമാ

➪ പല അന്താരാഷ്ട്ര കമ്പനികളുടെയും ഷെയർ വത്തിക്കാൻ വാങ്ങിയിട്ടുണ്ട് ➪

ക്കി വച്ചിരിക്കുന്നത്.

**ഈ ലാഭേച്ഛാ മനോഭാവം, പ്രകൃതിയുമായുള്ള വൈരുദ്ധ്യം കേവലം കുടിയേറ്റത്തിന്റെ പ്രശ്നമായി ചുരുക്കാതെ ക്രിസ്ത്യാനിറ്റിയുടെ തന്നെ പൊതുസമീപനമായി കാണാൻ കഴിയുമോ?**

എന്റെ കുട്ടിക്കാലത്ത്, മരം മുറിക്കാൻ ആരെയെങ്കിലും വിളിച്ചാൽ അവർ വന്ന് ഭൂമിയോടും മരത്തിലെ പക്ഷികളോടുമെല്ലാം അനുവാദം ചോദിക്കുന്ന തരത്തിലുള്ള ഒരു പ്രാർത്ഥന ചൊല്ലിയ ശേഷം മാത്രമെ മരം മുറിക്കാറുള്ളായിരുന്നു. അതിൽ അൽപ്പം അന്ധവിശ്വാസമുണ്ടായിരിക്കാം. എന്നാൽ ഈ ഭൂമിയിലുള്ളതെല്ലാം മനുഷ്യന് മാത്രം അവകാശപ്പെട്ടതല്ല എന്ന ബോധ്യം പണ്ട് ഇവിടെ നിലനിന്നിരുന്ന സംസ്കാരിത്തിനുണ്ടായിരുന്നു. ക്രിസ്ത്യൻ സംസ്കാരം അതിനെ പിന്തുടരാൻ ശ്രമിച്ചില്ല. ക്രിസ്ത്രീയ ആചാരങ്ങളിലെവിടെയും അത്തരത്തിലുള്ള ഓരാചാരം ഞാൻ കണ്ടിട്ടില്ല. സോഷ്യൽ കൾച്ചറിന്റെ അഭാവം ക്രിസ്ത്യാനിറ്റിയിൽ വളരെയധികമുണ്ട്. കോമൺ ഹുഡിനല്ല, പ്രൈവറ്റ് ഹുഡിനും സമുദായത്തിന്റെ താത്പര്യത്തിനും പ്രാധാന്യം കൊടുക്കുന്ന തരത്തിലുള്ള ഘടനയാണ് ക്രിസ്ത്യാനിറ്റിയുടേത്. ചിന്താശേഷിയും സ്വതന്ത്രബുദ്ധിയുള്ളവരുമാകാൻ വിശ്വാസികളെ സഭ അനുവദിക്കാത്തതുകൊണ്ട് അവർക്ക് ഈ പോരായ്മകൾ മനസ്സിലാക്കാനും തിരുത്താനും കഴിയാതെ പോകുന്നു.

ബിഷപ്പ് പൗവ്വത്തിൽ ക്രിസ്ത്യാനികളെല്ലാം അവരുടെ കുട്ടികളെ ക്രിസ്ത്യൻ സ്കൂളുകളിൽ മാത്രം പഠിച്ചാൽ മതിയെന്ന് അടുത്തിടെ പറഞ്ഞതും സാംസ്കാരിക ശൂന്യതയെയാണ് കാണിക്കുന്നത്. മോണോ റിലീജിയസ് സ്കൂളുകൾ ഇന്ന് വലിയ ഭീഷണിയായിത്തീർന്നിരിക്കുന്നു. കത്തോലിക്കരുടെ സ്കൂളുകളിൽ കത്തോലിക്കരല്ലാത്ത കുട്ടികളും അദ്ധ്യാപകരും ഇല്ലാത്ത അവസ്ഥയാണുള്ളത്. കൃഷിയിൽ ഏകവിളത്തോട്ടങ്ങളുണ്ടാക്കുന്ന പ്രശ്നം പോലെയുള്ള ഒന്നാണ് ഈ മോണോകൾച്ചർ സ്കൂളുകൾ സമൂഹത്തിൽ സൃഷ്ടിക്കുന്നത്. സുഖസൗകര്യസംബന്ധിയായ വികസനം മാത്രമാണ് ക്രിസ്ത്യാനികൾക്കിടയിൽ സഭ സൃഷ്ടിച്ചത്. സാംസ്കാരികമായ വികസനത്തിന് സഭ താത്പര്യമെടുത്തിട്ടില്ല.

**സ്വകാര്യവ്യക്തിയിലുള്ള സഭയുടെ ഊന്നൽ ശരിക്കും മുതലാളിത്തത്തിന്റെ വികസനത്തിന് സഹായകമായിത്തീർന്നില്ലേ? മുതലാളിത്തവും വ്യക്തിവാദത്തിലാണ് ഊന്നുന്നത്. സാമൂഹികമായ നേട്ടങ്ങളെ അത് പരിഗണിക്കുന്നതേയില്ലല്ലോ?**

ആധുനിക ക്രിസ്ത്യൻ ചർച്ച് തന്നെ മുതലാളിത്ത പ്രത്യയശാസ്ത്രത്തിന്റെ ഭാഗമായി രൂപപ്പെട്ട ഒന്നാണ്. മുതലാളിത്തത്തിന്റെ വളർച്ചയും ക്രിസ്ത്യാനിറ്റിയുടെ വികാസവും പരസ്പരബന്ധിതമാണ്. രണ്ടും ലാഭത്തിന് വേണ്ടി പ്രവർത്തിക്കുന്നു എന്നത് മാത്രമല്ല ക്രിസ്ത്യൻ ചർച്ചും മുതലാളിത്തവും തമ്മിലുള്ള ബന്ധം. രണ്ടും ഒട്ടും ജനാധിപത്യപരവുമല്ല. മുതലാളിത്തത്തിൽ പണമുള്ളവനാണ് വലുത്. സഭയിൽ പോപ്പാണ് വലുത്. കാരണം പോപ്പിനാണ് കൂടുതൽ പണമുള്ളത്. മുതലാളിത്തത്തിന് സമാനമായ രീതിയിലാണ് സഭയും പ്രവർത്തിക്കുന്നത്. പല അന്താരാഷ്ട്ര കമ്പനികളുടെയും ഷെയർ വത്തിക്കാൻ വാങ്ങിയിട്ടുണ്ട്. വത്തിക്കാൻ നേരിട്ട് ബിസിനസ്സിൽ ഇടപെടുന്നുണ്ട്. സമ്പത്ത് മുഴുവൻ പോപ്പിലാണ് കേന്ദ്രീകരിക്കപ്പെടുന്നത്. കച്ചവടസ്ഥാപനമായിത്തന്നെയാണ് അത് നിലനിൽക്കുന്നത്.

ക്രിസ്ത്യൻ ആദ്ധ്യാത്മികതയുടെ അടിസ്ഥാനം തന്നെ ഞാൻ എന്റെ ആത്മാവിനെ രക്ഷിക്കുക എന്നതാണ്. മറ്റുള്ളവരുടെ ആത്മാവിനെ രക്ഷിക്കുന്നതിനുള്ള ചുമതലയെക്കുറിച്ച് ക്രിസ്തുമതം പറയുന്നില്ല. പാപം ഓരോരുത്തരിലുമുണ്ടെന്നും അവരവരുടെ പാപത്തെ മറികടക്കാൻ ഓരോരുത്തരും ശ്രമിക്കണമെന്നുമാണ് ക്രിസ്ത്യാനിറ്റി പറയുന്നത്. ഇത് നിങ്ങൾ സൂചിപ്പിച്ചതുപോലെയുള്ള വ്യക്തിവാദം തന്നെയാണ്. ക്രിസ്തുമതം പാപത്തെ സാമൂഹികമായി കാണുന്നില്ല. പാപം വ്യക്തിപരമായതിനാൽ അതിനെ മറികടക്കുമ്പോഴുള്ള ഫലവും വ്യക്തിപരമാണ്. ചുരുക്കത്തിൽ സ്വകാര്യ വ്യക്തിക്ക് തന്നെയാണ് ലാഭം. ക്രിസ്ത്യാനിറ്റിയുടെ അടിസ്ഥാനമായ പാപബോധം പോലും മുതലാളിത്ത ചിന്തയോടാണ് ചേർന്നുനിൽക്കുന്നതെന്ന് പറയാം. പ്രാർത്ഥനയും ഇടനിലക്കാർ വഴിയുള്ള ശുപാർശയാണ്. പുണ്യാളന്മാരൊന്നും ദൈവമല്ല. അവർ ദൈവത്തിനോട് നമുക്കായി പ്രാർത്ഥിക്കും. ദൈവത്തിനോട് നേരിട്ട് പ്രാർത്ഥിക്കാൻ ക്രിസ്തുമതം വിശ്വാസികൾക്ക് അവസരം നൽകുന്നില്ല. ഇടനിലക്കാരെ വേണ്ടവിധം കണ്ടാൽ മാത്രമെ നമ്മുടെ പ്രാർത്ഥന ദൈവത്തിന്റെ അടുക്കൽ എത്തുകയുള്ളൂ. അതിലുമില്ലേ ഒരു മുതലാളിത്ത സ്വഭാവം.

സാമൂഹിക പ്രാധാന്യമുള്ള കാര്യങ്ങളുമായി ബന്ധപ്പെടുത്തിയല്ല പാപം എന്താണെന്ന് നിശ്ചയിച്ചിരിക്കുന്നത്. സാമൂഹിക

**സർക്കുലർ ഇറക്കി**

കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കാത്തവർക്ക് വോട്ടുചെയ്യണമെന്ന് കേരള കാത്തലിക് ബിഷപ്പ് കൗൺസിൽ സർക്കുലർ ഇറക്കി. മനുഷ്യനെ അവഗണിച്ച് ഭൂമിയെയും ജന്തുജാലങ്ങളെയും സംരക്ഷിക്കുന്നവരെ അവഗണിക്കണം. പശ്ചിമഘട്ടത്തിൽ ആശങ്കയോടെ ജീവിക്കുന്ന സാധാരണക്കാരായ കൃഷിക്കാരുടെ സംരക്ഷണം ഉറപ്പുവരുത്തുന്ന വ്യക്തികളെയാണ് ആവശ്യമെന്ന് സർക്കുലർ വിശദീകരിക്കുന്നു.




പാപം വ്യക്തിപരമായതിനാൽ അതിനെ മറികടക്കുമ്പോഴുള്ള ഫലവും വ്യക്തിപരമാണ്. ചുരുക്കത്തിൽ സ്വകാര്യ വ്യക്തിക്ക് തന്നെയാണ് ലാഭം. ക്രിസ്ത്യാനിറ്റിയുടെ അടിസ്ഥാനമായ പാപബോധം പോലും മുതലാളിത്ത ചിന്തയോടാണ് ചേർന്നുനിൽക്കുന്നത്

പ്രാധാന്യമുള്ള പല കാര്യങ്ങളും ക്രിസ്തു പറഞ്ഞിട്ടുണ്ട്. അതൊന്നും പാലിച്ചില്ലെങ്കിലും പാപമായി കണക്കാക്കപ്പെടില്ല. ഉദാഹരണമായി തന്നെപ്പോലെ തന്റെ അയൽക്കാരനെയും സ്നേഹിക്കണമെന്ന് പറയുന്നുണ്ട്. അത് ലംഘിച്ചാലും പാപമായി കണക്കാക്കില്ല. കുമ്പസാരിക്കേണ്ട കാര്യമില്ല. ക്രിസ്തു പറഞ്ഞ നല്ല കാര്യങ്ങളൊന്നും ചെയ്തില്ലെങ്കിലും കുഴപ്പമില്ല എന്നതാണ് ദയനീയം.

**അതുപോലെ, മനുഷ്യശരീരം പാപമാണ്, സ്ത്രീ പാപത്തിന്റെ ഉറവിടാണ് എന്ന ചിന്തയും ക്രിസ്ത്യാനിറ്റിയിൽ ഉണ്ടല്ലോ. ശരീരത്തോടും ലൈംഗികതയോടുമുള്ള ഈ പാപബോധം എങ്ങനെയുണ്ടായി?**

ഇന്നു കാണുന്ന ക്രിസ്ത്യാനിറ്റിക്ക് ക്രിസ്തുമതവുമായി യാതൊരു ബന്ധവുമില്ല. ഓരോ കാലഘട്ടത്തിലും അനേകം ചിന്താധാരകളെ ഉൾക്കൊണ്ടുകൊണ്ടാണ് അത് ഇന്നത്തെ രൂപത്തിലെത്തിയത്. ഗ്നോസ്റ്റിക് (Gnostic) മതം എന്നറിയപ്പെട്ടിരുന്ന ജ്ഞാനവാദികളുടെ മതത്തിൽ നിന്നാണ് പാപബോധത്തെക്കുറിച്ചുള്ള സങ്കൽപ്പം ക്രിസ്തുമതം സ്വീകരിച്ചിരിക്കുന്നത്. പാപങ്ങൾക്കെല്ലാം കാരണം സ്ത്രീയാണെന്ന് ക്രിസ്തു ഒരിടത്തും പറഞ്ഞിട്ടില്ല. സ്ത്രീകളുമായി അത്രയധികം ബന്ധം പുലർത്തിയിരുന്നയാളാണ് ക്രിസ്തു. അദ്ദേഹം അങ്ങിനെ പറയില്ല. ക്രിസ്തുമത ചരിത്രത്തിൽ സെന്റ് അഗസ്റ്റിൻ എന്നറിയപ്പെട്ടിരുന്ന ഗ്നോസ്റ്റിക് പാരമ്പര്യം പിന്തുടർന്നിരുന്ന ഒരു പുരോഹിതനെക്കുറിച്ച് പറയുന്നുണ്ട്. അദ്ദേഹമാണ് സ്ത്രീ പാപത്തിന്റെ ഉറവിടമാണെന്ന ചിന്ത കത്തോലിക്ക സമുദായത്തിലേക്ക് കൊണ്ടുവന്നത്. ഇന്നും ആ ചിന്ത ക്രിസ്ത്യാനിറ്റിയിലുണ്ട്. ക്രിസ്ത്യൻ സമുദായക്കാർ, പ്രത്യേകിച്ച കത്തോലിക്കർ ആരംഭിച്ച പല സ്കൂളുകളും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വേണ്ടി വെവ്വേറെയുള്ളതായിരുന്നു. മിക്സഡ് സ്കൂൾ അവർ സ്ഥാപിച്ചിട്ടില്ല. ഇപ്പോഴാണ് അത്തരം കോളേജുകളിൽ പോസ്റ്റ് ഗ്രാജുവേഷനെങ്കിലും രണ്ടുകൂട്ടർക്കും പഠിക്കാൻ അവസരമുണ്ടായത്. എന്റെയെല്ലാം ചെറുപ്പകാലത്ത് മിക്സഡ് കോളേജുകളിൽ പഠിക്കാൻ പോകുന്നത് പാപമാണെന്ന് ബിഷപ്പ് പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. സ്ത്രീ-പുരുഷ ബന്ധത്തെക്കുറിച്ച് വളരെ വികലമായ സങ്കൽപ്പമാണ് സഭ വച്ചുപുലർത്തുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

**മതനേതൃത്വങ്ങൾ രാഷ്ട്രീയ വിഷയങ്ങളിൽ നേരിട്ടിടപെടുന്ന കാഴ്ചയാണല്ലോ ഗാഡ്ഗിൽ റിപ്പോർട്ടുമായി ബന്ധപ്പെട്ട് നടന്ന സമരങ്ങളിലെല്ലാം കണ്ടത്. വിമോചന സമരകാലം മുതലുള്ള ഒരു ചരിത്രവും ഇത്തരം ഇടപെടലുകൾക്കുണ്ട്. സഭാ നേതൃത്വത്തിന്റെ രാഷ്ട്രീയ ഇടപെടലുകളെ എങ്ങനെയാണ് കാണുന്നത്?**

മതനേതാക്കന്മാർ സാമൂഹിക നേതാക്കന്മാരാകാനുള്ള ശ്രമമാണ് ഇതിലൂടെ നടത്തുന്നത്. ക്രിസ്ത്യൻ സമൂഹത്തിന് നേതൃത്വം നൽകുന്നത് തങ്ങളാണ് വരുത്തിത്തീർത്ത് രാഷ്ട്രീയ മുതലെടുപ്പ് നടത്താനുള്ള ശ്രമമാണിത്. അല്ലാതെ രാഷ്ട്രീയ കാര്യങ്ങളിൽ താത്പര്യമുണ്ടായിട്ടല്ല. സഭ ഇപ്പോൾ ഇടപെടുന്ന സാമൂഹിക വിഷയങ്ങളിലെല്ലാം സ്വതന്ത്രരായി ഇടപെട്ടിരുന്ന സാമൂഹിക പ്രവർത്തകരും രാഷ്ട്രീയ പ്രവർത്തകരുമുണ്ടായിരുന്നു. അവരുടെ പ്രവർത്തനങ്ങളെയെല്ലാം തകർത്തുകൊണ്ട് മതമേലധ്യക്ഷന്മാർ ഇത്തരം വിഷയങ്ങളിലേക്ക് കടന്നുവരുന്നത് കൃത്യമായ രാഷ്ട്രീയതാത്പര്യം മനസ്സിൽവച്ചുകൊണ്ടാണ്. മതനേതൃത്വം മതപരമായ കാര്യങ്ങളിൽ മാത്രം ഒതുങ്ങി നിന്നാൽ രാഷ്ട്രീയ പാർട്ടികളുമായി വിലപേശൽ അസാധ്യ

പരിസ്ഥിതിനാശം കുമ്പസാരിക്കേണ്ട പാപമാക്കിയ ശേഷം പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് കേരള കത്തോലിക്കാ മെത്രാൻസമിതി പച്ചയായ പുൽത്തകിടിയിലേക്ക് എന്ന പേരിൽ ഒരു നയരേഖയും പ്രവർത്തന പദ്ധതിയും പുറത്തിറക്കിയിരുന്നു. ഗാഡ്ഗിൽ–കസ്തൂരിരംഗൻ വിഷയത്തിൽ കത്തോലിക്കാസഭ സ്വീകരിച്ചത് അതിന് തീർത്തും വിരുദ്ധമായ നിലപാടാണ്. സഭ പള്ളികളിൽ വായിച്ച ഇടയലേഖനം ആ വൈരുദ്ധ്യത്തെ തുറന്നുകാണിക്കുന്നു

# സഭാ നിലപാടിലെ വൈരുദ്ധ്യങ്ങൾ

**പച്ചയായ പുൽത്തകിടിയിലേക്ക് എന്ന നയരേഖയിൽ നിന്നും**

പരിസ്ഥിതി സംരക്ഷണം ആത്യന്തികമായി ഒരു ജീവിതശൈലിയാണ്. വിശ്വാസജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും സ്വാധീനം ചെലുത്തുന്ന ജീവതശൈലിയായി മാറിയാലേ ഇത് ഫലമണിയൂ. ഏതാനും പ്രതീകാത്മക പ്രവൃത്തികളോ ഒറ്റപ്പെട്ട ചില മുന്നേറ്റങ്ങളോ ഇക്കാര്യത്തിൽ മതിയാവുകയില്ല. ഇതൊരു ജീവിതശൈലിയാകുമ്പോൾ നമ്മുടെ ഭക്ഷണ, താമസ, യാത്രാ, ഊർജ്ജവിനിയോഗ, വിനോദശീലങ്ങളൊക്കെ പുനഃക്രമീകരിക്കേണ്ടിവരും. അപ്പോഴേ പ്രകൃതിസംരക്ഷണം ചലനാത്മകമാകൂ. ഈ സാമൂഹികമാറ്റത്തിന് നേതൃത്വം നൽകുകയും ഇക്കാര്യത്തിൽ സ്വയം മാതൃകയാകുകയുമാണ് സഭയുടെ കടമ. അപ്പം വർദ്ധിപ്പിക്കാനൊരുങ്ങിയ ഈശോ ആദ്യം ചെയ്യുന്നത് വിശന്നുപൊരിഞ്ഞ ആൾക്കൂട്ടത്തെ വിവിധ പന്തികളായി ഇരുത്തുകയാണ് (മർക്കോ 6,30–44). ക്രമരഹിതമായ അവസ്ഥയിൽ നിന്ന് ക്രമവും വേർതിരിവും ഉണ്ടാക്കി സൃഷ്ടികർമ്മം നടത്തിയ ദൈവത്തിന്റെ പ്രവൃത്തിയുടെ സാദൃശ്യം നമുക്കിവിടെ കാണാൻ കഴിയും. കൈനിറയെ കിട്ടിയവരും ഒന്നും കിട്ടാത്തവരും കിട്ടിയത് പോരാ എന്ന് ബോധ്യമുള്ളവരും ഒന്നുപോലെ പരിമിതമായ പ്രകൃതിവിഭവങ്ങൾക്ക് വേണ്ടി മല്ലിടുന്ന സമൂഹമാണ് നമ്മുടേത്. ഇത്തരക്കാർക്കെല്ലാം നീതിപൂർവ്വകമായ ഇരിപ്പിടം കിട്ടുന്ന ഒരു സാമൂഹികക്രമം സൃഷ്ടിക്കാൻ കഴിഞ്ഞാലേ അപ്പം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്ന ദൈവത്തിന്റെ സമൃദ്ധിയിൽ നിന്നും ഭക്ഷിച്ച് എല്ലാവർക്കും തൃപ്തരാകാൻ കഴിയൂ. ഈ വമ്പൻയജ്ഞത്തിൽ രാഷ്ട്രത്തോടൊപ്പവും ഒരുവേള രാഷ്ട്രസമൂഹത്തിന് മാതൃകയും പ്രചോദനവുമായി വർത്തിക്കുകയാണ് സഭയുടെ ദൗത്യം.

**ഇടുക്കി രൂപതയിലെ പള്ളികളിൽ വായിച്ച ഇടയലേഖനത്തിൽ നിന്നും**

പരിസ്ഥിതിസംരക്ഷണത്തിന്റെ മറവിൽ അത്യന്തം തീവ്ര നിലപാട് പ്രഖ്യാപിക്കുന്ന ഗാഡ്ഗിൽ റിപ്പോർട്ട് നിക്ഷിപ്തതാത്പര്യങ്ങളോടെയുള്ളതാണ്. റിപ്പോർട്ട് ആകെമാനം വിലയിരുത്തുമ്പോൾ മനുഷ്യനെ പൂർണ്ണമായും മറന്നുകൊണ്ടുള്ളതും ഏതാനും വർഷങ്ങൾക്കുള്ളിൽത്തന്നെ അത്യന്തം ജനവാസം നിറഞ്ഞ പ്രദേശങ്ങളെല്ലാം സംരക്ഷിത വനഭൂമിയുടെ തലത്തിലേക്ക്, ലോകപൈതൃകതലത്തിലേക്ക് മാറ്റുന്നതിനുള്ള നിഗൂഢനിർദ്ദേശങ്ങൾ നിറഞ്ഞതാണ് എന്നുകാണാം. ഇത് നടപ്പിലായാൽ ഇവിടെ കഴിയുന്ന ജനലക്ഷങ്ങൾ എല്ലാ സ്വാതന്ത്ര്യങ്ങളും നഷ്ടപ്പെട്ട്, സർക്കാർ കുടിയിറക്കാതെതന്നെ ഒഴിഞ്ഞുപോകേണ്ടിവരും. ഇതിന്റെ പശ്ചാത്തലം പരിശോധിക്കുമ്പോൾ വലിയ സാമ്പത്തികലാഭം മുന്നിൽക്കണ്ട് ഒരു വിഭാഗം നടത്തുന്ന നീക്കങ്ങളുടെ ഭാഗമാണിതെന്ന സംശയം ബലപ്പെടുന്നു.

പ്രത്യക്ഷത്തിൽ വളരെ ആകർഷകമായി തോന്നുന്ന ഗാഡ്ഗിൽ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പലതും വികസനവിരുദ്ധവും കാർഷികമേഖലയിലെ സമ്പൂർണ്ണമായി തകർക്കുന്നതുമായ പാരിസ്ഥിതിക മൗലികവാദമാണെന്നും ആഴത്തിൽവിലയിരുത്തുമ്പോൾ മനസ്സിലാകും. അതുകൊണ്ടുതന്നെ ഒരു പ്രദേശത്തെ ജനങ്ങളെ പാർശ്വവത്കരിക്കുന്നതിനും അവരുടെ മനുഷ്യാവകാശങ്ങളെ നിഷേധിക്കുന്നതുമായ നിലപാടുകളെ നാം ഒരുമിച്ച് എതിർക്കണം. നിലനിൽപ്പിനും അതിജീവനത്തിനും വേണ്ടി ഒരുമിച്ച് നിന്ന് പോരാടാൻ ഈ റിപ്പോർട്ട് പശ്ചിമഘട്ട മലനിരകളിൽ താമസിക്കുന്നവരെ നിർബന്ധിക്കുകയാണ്.

മായിത്തീരും. വലിയൊരു വോട്ടുബാങ്ക് തങ്ങൾക്കൊപ്പമുണ്ടെന്ന് കാണിക്കാൻ വേണ്ടിയാണ് പുരോഹിതന്മാർ തെരുവിലിറങ്ങുന്നത്. എന്നാൽ അവർ കാണിക്കുന്നതുപോലെയുള്ള ഒരു വോട്ടുബാങ്ക് സഭയ്ക്കൊപ്പമില്ലെന്നതാണ് യാഥാർത്ഥ്യം. സഭ എതിർത്ത പലരും കേരള രാഷ്ട്രീയത്തിൽ വിജയിച്ചിട്ടുണ്ട്. കെ.എം. മാണി 1965ൽ പാലായിൽ നിൽക്കുമ്പോൾ സഭ മാണിക്കെതിരായിരുന്നു. 67ലും 70ലും എതിരായിരുന്നു. എന്നിട്ടും മാണിതന്നെ ഇവിടെ ജയിച്ചു. അപ്പോൾ സഭ പറയുന്ന വോട്ടുബാങ്ക് ഒരുതരം വിലപേശൽ തന്ത്രം മാത്രമാണ്.

**ക്രൈസ്തവ സഭകൾക്കുള്ളിൽ നവീകരണം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണല്ലോ ഓശനയുടെ പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നത്. എന്നാൽ സൂക്ഷ്മമായി മതങ്ങളെക്കുറിച്ച് പഠിച്ചാൽ ഓളങ്ങളുടെ തലത്തിലേ അവ തമ്മിൽ വ്യത്യാസമുള്ളൂ, ആഴങ്ങളിൽ വ്യത്യാസമില്ലെന്ന് കാണാൻ കഴിയും. മനുഷ്യസംസ്കാരത്തെക്കുറിച്ചുള്ള വിവിധ സങ്കൽപ്പങ്ങളാണ് എല്ലാ മതങ്ങളും മൗലികമായി പറയുന്നത്. എന്നിട്ടും മതങ്ങൾ അതിന്റെ മതപരമായ സങ്കുചിത സ്വത്വബോധത്തിൽ നിന്നും പുറത്തുവരാൻ തയ്യാറാകുന്നില്ല. ആ**

*⇨ സഭയുടെ ഒരു ഗൃഹോപകരണം പോലെയാണ് ക്രിസ്തുവിനെ അവർ ഇന്ന് പരിഗണിക്കുന്നത് ⇨*

ഓശാന മാസികയിൽ 1975 നവംബർ മാസത്തിൽ ജോസഫ് പുലിക്കുന്നേൽ എഴുതിയ ലേഖനം

# യാഥാസ്ഥിതികത്വത്തിന്റെ തിരികല്ലുകൾ

**1954**ൽ പട്ടം താണുപിള്ളയുടെ മന്ത്രിസഭ ഭൂനയബില്ല് ആവിഷ്കരിച്ചപ്പോൾ, അതിനെ സമുദായത്തിന്റെ പേരിൽ ശക്തമായി എതിർത്തത് 'ദീപിക'പത്രമായിരുന്നു. കമ്യൂണിസവും, എന്തിന് സോഷ്യലിസംപോലും മതവിരുദ്ധമാണെന്ന് മുദ്രകുത്തി, സോഷ്യലിസത്തെക്കുറിച്ച് പറയുന്നവരെ മതഭ്രഷ്ടരാക്കിയ ഈ പത്രം തന്നെ കമ്മ്യൂണിസ്റ്റ് പാർട്ടിയെ ആലിംഗനം ചെയ്യാൻ ഈയിടെ അനുവാദവും ആശിസ്സും നൽകി. വിദ്യാഭ്യാസരംഗം തന്നെ നമുക്ക് എടുക്കാം. കഴിഞ്ഞ 25 കൊല്ലങ്ങളായി എത്ര എത്ര സമരങ്ങളും ഗോഗ്വാവിളികളുമാണ് സഭ നയിച്ചത്.

പനമ്പള്ളി, സ്കൂൾ അദ്ധ്യാപകന്മാർക്ക് നേരിട്ടു ശമ്പളം കൊടുക്കുന്നതിനുള്ള റൂളുകൾ ആവിഷ്കരിച്ചപ്പോൾ, "സഭ അപകടത്തിലാണേ" എന്നു പറഞ്ഞു സമരം ചെയ്തു. എന്നിട്ട് എന്തുണ്ടായി? വിദ്യാഭ്യാസ ബില്ലിനെതിരേയും ഈയിടെ കോളേജിൽ അദ്ധ്യാപകർക്കു നേരിട്ടുശമ്പളം കൊടുക്കുന്നതിനെതിരേയും സഭ സമരം ചെയ്തു. എന്നിട്ട് എന്തു നേട്ടം ഉണ്ടായി എന്ന് ഒന്നു ഗാഢമായി ചിന്തിക്കേണ്ടതാണ്! ഈ സമരങ്ങളെല്ലാം സമുദായത്തിന്റെ എത്ര ലക്ഷം രൂപയാണ് നഷ്ടപ്പെടുത്തിയത്? എത്ര കുടുംബങ്ങളെ അനാഥമാക്കി. എത്രമാത്രം വിദ്വേഷം സമൂഹത്തിൽ അഴിച്ചുവിട്ടു.

സംസ്കാരത്തിന്റെ അതിർവരമ്പുകളെ ലജ്ജാവഹമാം വിധം ലംഘിക്കുന്ന എത്ര എത്ര മുദ്രാവാക്യങ്ങൾ വിളിച്ചു പറഞ്ഞു. സഭയുടെ അന്തഃസത്തയും ഉന്നതമായ മൂല്യങ്ങളും ചോർത്തിക്കളഞ്ഞ ഈ സംരംഭങ്ങൾക്കെല്ലാം പുറകിൽനിന്ന് ഉപദേശം നൽകിയവർ, ഈ ചോർച്ച കണ്ടില്ല. കാണേണ്ട ആവശ്യവും അവർക്കുണ്ടായിരുന്നില്ല.

**യാഥാർത്ഥ്യം നിലനിൽക്കുമ്പോൾ സമുദായത്തിനുള്ളിൽ നിന്നുകൊണ്ട് നടത്തുന്ന പുനരുദ്ധാരണ ശ്രമങ്ങൾക്ക് സഹജമായ പരിമിതികളുണ്ടാകില്ലേ?**

അങ്ങനെ തോന്നിയിട്ടില്ല. ക്രിസ്ത്യൻ ചർച്ചിനോട് ഞാൻ പറയുന്നത് ക്രിസ്തുവിന്റെ ജീവിതവുമായും സന്ദേശവുമായും അവരുടെ പ്രവർത്തനങ്ങൾക്കുള്ള പൊരുത്തക്കേടുകളെക്കുറിച്ചാണ്. ക്രിസ്തു ക്രിസ്ത്യാനികൾക്കായോ ക്രിസ്തുമതത്തിന് മാത്രമായോ പറഞ്ഞ കാര്യങ്ങളായിരുന്നില്ല അതൊന്നും. മനുഷ്യരാശിയോട് ഒന്നടങ്കമാണ് അദ്ദേഹം സംസാരിച്ചത്. അതിൽ നിന്നും വ്യതിചലിച്ചുകൊണ്ടുള്ള സഭയുടെ പ്രവർത്തനങ്ങൾ ക്രിസ്തുമത വിശ്വാസികളെ മാത്രമല്ല, സമൂഹത്തെ ഒന്നടങ്കം ദോഷകരമായി ബാധിക്കുന്നുണ്ട്. സഭയുടെ ഒരു ഗൃഹോപകരണം പോലെയാണ് ക്രിസ്തുവിനെ അവർ ഇന്ന് പരിഗണിക്കുന്നത്. യേശുവിനെ സ്വകാര്യസ്വത്താക്കാനുള്ള ശ്രമം എതിർക്കപ്പെടണം. ഇന്നു കാണുന്ന ബിംബവത്കരണങ്ങളിൽ നിന്നും ക്രിസ്തുവിന്റെ മഹത്തായ സന്ദേശങ്ങളെ രക്ഷിച്ചെടുക്കണം. സമൂഹത്തിന് ഒന്നാകെ സ്വീകാര്യമാകുന്ന തരത്തിൽ അത് ജനങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കപ്പെടണം. ക്രിസ്തു മരിച്ചയുടൻ അദ്ദേഹത്തെ കോൺസ്റ്റന്റൈൻ ചക്രവർത്തി ഏറ്റെടുക്കുകയാണ് ചെയ്തത്. ഇന്നുകാണുന്ന രൂപമെല്ലാം അവർ നിർമ്മിച്ചെടുത്തതാണ്. രാഷ്ട്രം ക്രിസ്തുവിനെ ഏറ്റെടുത്ത് മതമാക്കി പ്രചരിപ്പിക്കുകയായിരുന്നു. രാഷ്ട്രത്തിന്റെ വളർച്ചയ്ക്ക് അതാവശ്യമായിരുന്നു.

കൊളോണിയൽ സ്വഭാവം നിലനിർത്തിക്കൊണ്ടുതന്നെയാണ് സഭ വളർന്നുവരുന്നത്. അധിനിവേശത്തിലൂടെ അത് പടർന്നുപന്തലിച്ചത്. ആഗോളമായി സാമ്രാജ്യം വ്യാപിപ്പിക്കാൻ താത്പര്യമുണ്ടായിരുന്ന രാഷ്ട്രതലവന്മാരായിരുന്നു അതിനുള്ള പിന്തുണ സഭയ്ക്ക് നൽകിയിരുന്നത്. എല്ലാകാലത്തും അത്തരം ചൂഷകവർഗ്ഗത്തെ പ്രതിനിധീകരിച്ചിരുന്നതുകൊണ്ടാണ് ചൂഷിതരുടെ പ്രശ്നങ്ങൾ സഭയ്ക്ക് മനസ്സിലാക്കാൻ കഴിയാതെ പോയത്. പ്രകൃതിക്ക് മേൽ നടക്കുന്ന ചൂഷണങ്ങളെ തടയുന്നതിൽ നിന്നും സഭ പിന്തിരിഞ്ഞു നിൽക്കുന്നതിനുള്ള കാരണവും അതുതന്നെയാണ്. ഈ പ്രതിലോമ സംസ്കാരത്തെ തുറന്നുകാണിക്കുന്നതിനും ക്രിസ്തുവിന്റെ ജീവിതദർശനം എല്ലാ മനുഷ്യരിലേക്കും എത്തിക്കുന്നതിനുമുള്ള ശ്രമമമാണ് ഞാൻ നടത്തുന്നത്.

**ഓശനയുടെ പ്രവർത്തനങ്ങൾ വിജയത്തിലെത്തിയതായി വിലയിരുത്താമോ? ഒട്ടും മാറ്റമില്ലാതെ തുടരുന്ന സഭാ നേതൃത്വത്തെയും വിശ്വാസികളെയും കാണുമ്പോൾ നിരാശ തോന്നുന്നുണ്ടോ?**

വിജയിക്കും എന്നുറപ്പിച്ച് മുന്നോട്ട് പോകുമ്പോഴല്ലേ നിരാശയുണ്ടാകൂ. സഭ എന്ന വലിയ എസ്റ്റാബ്ലിഷ്മെന്റിനോട് ഏറ്റുമുട്ടാൻ ആലോചിക്കുമ്പോൾ തന്നെ എത്രമാത്രം വിജയിക്കാൻ കഴിയും എന്നതിനെക്കുറിച്ച് എനിക്ക് ബോധ്യമുണ്ടായിരുന്നു. കഴിയുന്നിടത്തോളം മുന്നോട്ട് പോകാനാണ് ഉദ്ദേശിച്ചത്. അതിലേറെ പോകാൻ കഴിഞ്ഞു എന്നതിൽ സന്തോഷമുണ്ട്. ■